**ജലസംരക്ഷണത്തിലൂന്നിയ ജലവിനിയോഗ സംസ്കാരം സൃഷ്ടിച്ചെടുക്കുന്നതിലൂടെ ഒരു പുഴയേയും പുഴയോരജീവിതങ്ങളേയും എങ്ങനെ സംരക്ഷിക്കാം എന്ന് അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ചാലക്കുടിപുഴ സംരക്ഷണ സമിതി പ്രവർത്തകൻ രജനീഷ് സംസാരിക്കുന്നു**

# പുഴയോരങ്ങൾ പുനർജ്ജനിക്കുമ്പോൾ

**ചാലക്കുടിപുഴയിലെ** തുമ്പൂർമൂഴി ജലസേചനപദ്ധതിയുടെ കനാലുകൾ തൃശൂർ - എറണാകുളം ജില്ലയിലെ നിരവധി പഞ്ചായത്തുകളുടെ ജീവനാഡിയാണ്. ചാലക്കുടിപുഴത്തടത്തിലെ ലക്ഷക്കണക്കിന് ജനങ്ങളുടെ ജലസുരക്ഷ ഉറപ്പ് വരുത്തുന്നതിൽ നിർണ്ണായകസ്ഥാനം ഈ കനാലുകൾക്കുണ്ട്. പുഴയിലെ നീരൊഴുക്ക് കുറയുകയും ജലവിതരണത്തിന്റെ രീതി മാറുകയും ചെയ്തതിനാൽ കഴിഞ്ഞകുറച്ച് വർഷങ്ങളായി ഈ കനാലുകളിൽ വെള്ളമെത്താറില്ല. കാർഷിക മേഖലയെ ഇത് സാരമായി ബാധിക്കുകയും ഭൂവിനിയോഗത്തിന്റെ കാര്യത്തിൽ വലിയ മാറ്റമുണ്ടാവുകയും ചെയ്തു. ഇതിന്റെ ഫലമായുണ്ടാകുന്ന നിരവധി സാമൂഹിക - പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ തിരിച്ചറിഞ്ഞുകൊണ്ടാണ് ചാലക്കുടിപുഴസംരക്ഷണ സമിതി ജലസംരക്ഷണത്തിലൂന്നിയ ജലവിനിയോഗ സംസ്കാരം ഈ കനാലുകളുമായി ബന്ധപ്പെട്ട് സൃഷ്ടിച്ചെടുക്കാനുള്ള ശ്രമമാരംഭിച്ചത്. സമിതിയുടെ ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന രജനീഷ് പ്രവർത്തനാനുഭവങ്ങൾ കേരളീയവുമായി പങ്കുവയ്ക്കുന്നു.

**എന്തായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം?**

തുമ്പൂർമൂഴിയിലെ കനാലുകളിലൂടെയുള്ള ജലസേചനം കാര്യക്ഷമമാക്കുകയും അതുവഴി ജലവിഭവത്തിന്റെ സംരക്ഷണത്തെക്കുറിച്ചുള്ള ഒരു അവബോധം പൊതുജനങ്ങളുടെ ഇടയിൽ സൃഷ്ടിക്കുകയുമായിരുന്നു പ്രോജക്ടിന്റെ മുഖ്യലക്ഷ്യം. തുമ്പൂർമൂഴി ജലസേചനപദ്ധതി തുടങ്ങിയ കാലത്ത് ഇടതുകര-വലതുകര കനാലുകളിൽ എല്ലാദിവസവും വെള്ളം എത്തുമായിരുന്നു. എന്നാൽ അറുപതുകളിൽ തുടങ്ങിയ പറമ്പിക്കുളം - ആളിയാർ പദ്ധതിയുടെ ഭാഗമായി ചാലക്കുടി പുഴയിൽ നിരവധി ഡാമുകൾ വരുകയും വെള്ളം വഴിമാറ്റി കൊണ്ടുപോകുന്നതിന്റെ ഫലമായി താഴെയുള്ള ജനങ്ങൾ ദുരിതങ്ങൾ അനുഭവിക്കാൻ തുട

ങ്ങുകയും ചെയ്തു. വൃഷ്ടി പ്രദേശത്തെ കാട് നശിച്ചതും പുഴയിലെ വെള്ളത്തിന്റെ ഒഴുക്കിൽ കുറവുണ്ടായതും കനാലുകളെ ബാധിച്ചു. എന്നാൽ 1990 വരെ ബേസ്‌ലോഡ് സ്റ്റേഷനായി പ്രവർത്തിച്ചിരുന്ന പെരിങ്ങൽകുത്ത് ജലവൈദ്യുത പദ്ധതി വൈദ്യുതി ബോർഡ് പീക്ക്ലോഡ് സ്റ്റേഷനാക്കി മാറ്റിയതോടെയാണ് താഴെയുള്ള തുമ്പൂർമൂഴി ചെക്ക് ഡാമിന്റെ പ്രവർത്തനം പൂർണ്ണമായും തകരാറിലായത്. ചാലക്കുടി പുഴയിൽ ആദ്യം വന്ന ചെക്ക്ഡാമാണ് തുമ്പൂർമൂഴി. അതിന് ശേഷമാണ് പറമ്പിക്കുളം – ആളിയാർ കരാർ പ്രകാരം നിരവധി ഡാമുകൾ തുമ്പൂർമൂഴിക്ക് മുകളിൽ വരുന്നത്. തുമ്പൂർമൂഴി പ്രവർത്തനം തുടങ്ങിയ സമയത്തുള്ള ജലത്തിന്റെ അളവിൽ ഡാമുകൾ വന്ന ശേഷം വലിയ കുറവുണ്ടായത് ജലസേചനപദ്ധതിയുടെ പ്രവർത്തനം താറുമാറാക്കി. പുഴയിലെ സ്വാഭാവിക നീരൊഴുക്കിനെ മാത്രം ആശ്രയിച്ച് വിഭാവനം ചെയ്ത തുമ്പൂർമൂഴി ചെക്ക് ഡാമിൽ വെള്ളം ആവശ്യമായ അളവിൽ എത്താതായതോടെ കനാലുകളുടെ പ്രവർത്തനവും പ്രശ്നത്തിലായി. തുമ്പൂർമൂഴി ജലസേചനപദ്ധതിയുടെ ഭാഗമായുള്ള ഇടതുകര – വലതുകര കനാലുകളിലേക്ക് തിരിച്ചുവിടാൻ ചെക്ക്ഡാമിൽ വെള്ളം എത്താത്ത അവസ്ഥയാണ് ഇന്നുള്ളത്. കൃഷിക്കും കുടിവെള്ളത്തിനുമായി കനാലുകളെ ആശ്രയിച്ചിരുന്നവരെ ഇത് ദുരിതത്തിലാക്കി. ഹരിതവിപ്ലവത്തിന്റെ ഫലമായി ജലസേചനം കൂടുതലായി ആവശ്യമുള്ള കൃഷിയിലേക്ക് ആളുകൾ തിരിഞ്ഞതോടെ കനാലുകളെ ആശ്രയിക്കുന്നവരുടെ എണ്ണവും കൂടി.

കൂടാതെ മാലിന്യങ്ങൾ അടിഞ്ഞ്കൂടിയും ചോർച്ച കാരണവും കനാലിലൂടെയുള്ള വെള്ളത്തിന്റെ ഒഴുക്ക് എല്ലായിടത്തും ഒരുപോലെ നിലനിർത്താൻ കഴിയാതെ പോയതും കർഷകരെ ബാധിച്ചു. കനാലിന്റെ തുടക്കത്തിലുള്ളവർ വെള്ളം കൂടുതൽ ഉപയോഗിക്കുന്നതിന്റെ പ്രശ്നവും ഇവിടെയുണ്ട്. മൂന്ന്പൂനെൽകൃഷി ചെയ്തിരുന്ന പലരും വെള്ളത്തിന്റെ കുറവ് കാരണം ഒരുപൂകൃഷിയിലേക്ക് മാറി. മാലിന്യങ്ങൾ നീക്കിയും ചോർച്ച തടഞ്ഞും ഒഴുക്ക് നിലനിർത്താൻ ഞങ്ങൾ ശ്രമിച്ചു.

കനാലിലൂടെയുള്ള വെള്ളത്തിന്റെ ഒഴുക്ക് നിലച്ചത് പുഴയുടെ ഒഴുക്കിനേയും ബാധിച്ചു. വ്യാപകമായ മണലെടുപ്പ് കാരണം പുഴയുടെ ഒഴുക്ക് ഇപ്പോൾ തന്നെ പ്രശ്നത്തിലാണ്. പുഴയിൽ മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നതിനും വെള്ളം മോശമാകുന്നതിനും ഇത് കാരണമായി. ചാലക്കുടി പുഴയുടെ കരയിൽ കഴിയുന്ന ലക്ഷകണക്കിനാളുകളെ ഇത് ദുരിതത്തിലാക്കി. പുഴയിലെ ഒഴുക്ക് കുറഞ്ഞതോടെ കടലിൽ നിന്നും ഉപ്പുവെള്ളം പുഴയിലേക്ക് കയറാൻ തുടങ്ങി. പടിഞ്ഞാറൻ പ്രദേശങ്ങളിലെ കൃഷിയേയും കുടിവെള്ളത്തേയും ഇത് സാരമായി ബാധിച്ചിട്ടുണ്ട്. കൂടാതെ കടലിൽ നിന്നും പ്രജനനത്തിനായി പുഴയിലെത്തിയിരുന്ന മീനുകളുടെ എണ്ണം കുറഞ്ഞത് മത്സ്യബന്ധനത്തെ ആശ്രയിച്ച് കഴിയുന്നവരെയും ബാധിച്ചു. ഇത്തരത്തിൽ തുമ്പൂർമൂഴി ജലസേചനപദ്ധതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിച്ച് ചാലക്കുടിപുഴയെ രക്ഷിക്കുകയും കാർഷിക സംസ്കൃതിയേയും മനുഷ്യജീവിതങ്ങളേയും സമ്പന്നമാക്കുക എന്ന ലക്ഷ്യത്തിലേക്ക് ഞങ്ങൾ നീക്കിക്കൊണ്ടിരിക്കുകയാണ്.

### എന്തെല്ലാമായിരുന്നു പ്രവർത്തനരീതികൾ?

തുമ്പൂർമൂഴി ജലസേചനപദ്ധതിയുടെ ഭാഗമായുള്ള കനാലുകളെല്ലാം നടന്നുകണ്ട് പ്രശ്നങ്ങൾ നേരിട്ട് മന

## തുമ്പൂർമൂഴി ജലസേചന പദ്ധതി



1940കളുടെ അവസാനം നിർമ്മാണം തുടങ്ങിയ തുമ്പൂർമൂഴി ജലസേചന പദ്ധതി (ചാലക്കുടി റിവർ ഡൈവേർഷൻ സ്കീം) സംസ്ഥാനത്ത് തന്നെ ആദ്യം നിർമ്മാണം തുടങ്ങിയ വൻകിട ജലസേചന പദ്ധതിയാണ്. ചാലക്കുടിപുഴയിൽ, ചാലക്കുടി പട്ടണത്തിന് 15 കിലോമീറ്റർ കിഴക്ക് (പുഴയുടെ ഉത്ഭവസ്ഥാനത്ത് നിന്നും 90 കിലോമീറ്റർ) 3.66 മീറ്റർ ഉയരത്തിലും 185 മീറ്റർ നീളത്തിലും വിയർ (തടയണ) നിർമ്മിച്ച് ഇടതു, വലതു കരകളിലായി 100 കിലോമീർ നീളത്തിൽ മെയിൻ കനാലുകളും 379 കിലോമീറ്റർ നീളത്തിൽ ബ്രാഞ്ച് കനാലുകളും ഉൾപ്പെടുന്നതാണ് തുമ്പൂർമൂഴി ജലസേചനപദ്ധതി. വിയറിന്റെ ഉയരം പിന്നീട് 3.96 മീറ്റർ ആയി ഉയർത്തി. തൃശൂർ, എറണാകുളം ജില്ലകളിലെ 29 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 14,000 ഹെക്ടർ പ്രദേശത്ത് ജലസേചനം നടത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. 1950 കളുടെ ആരംഭം മുതൽ തന്നെ ഭാഗികമായി പ്രവർത്തനം തുടങ്ങിയ പദ്ധതിയിൽ നിന്നും 1952 ഓടെ 4000 ഏക്കറും 1955–56ഓടെ 12,000 ഏക്കറും ജലസേചനം നടത്തിയിരുന്നു. 1959ൽ പദ്ധതി പൂർണ്ണതോതിൽ പ്രവർത്തനമായി. വലിയ ജലസംഭരണി ഇല്ലാതെ പുഴയിലെ സ്വാഭാവിക നീരൊഴുക്കിനെ ആശ്രയിച്ച് മാത്രം വിഭാവനം ചെയ്ത പദ്ധതി എന്നാണ് തമ്പൂർമൂഴി പദ്ധതിയുടെ ഏറ്റവും വലിയ സവിശേഷത.

സിലാക്കുക എന്നതായിരുന്നു ആദ്യം ചെയ്തത്. ഒപ്പം കനാലിനെ ആശ്രയിക്കുന്ന കർഷകരോടെല്ലാം സംസാരിച്ചു. അവിടെയെല്ലാമുള്ള കൃഷിരീതികൾ പഠിച്ചു. കനാലിലെ വെള്ളത്തിന്റെ ഒഴുക്കിന്റെ ചരിത്രം പഠിച്ചു. ഈ വിവരങ്ങളെല്ലാം ക്രോഡീകരിച്ച ശേഷം പഞ്ചായത്തുകളെയും ജലസേചന വകുപ്പിന്റെ ഉദ്യോഗസ്ഥരേയും കർഷകരേയും ഒരു പ്ലാറ്റ്ഫോമിൽ കൊണ്ടുവന്ന് ചർച്ച നടത്തി. ഓരോ പഞ്ചായത്തുകൾ കേന്ദ്രീകരിച്ചും ഒരു ജലവിഭവ പരിപാലന സമിതി രൂപീകരിച്ചു. ഓരോ പഞ്ചായത്തിലുമുള്ള ജലസേചന പദ്ധതികളെക്കുറിച്ചും കൃഷിയെക്കുറിച്ചും ജലവിഭവപരിപാലന സമിതികൾ പഠിച്ചു. കനാലിലെ ജലത്തിന്റെ ഉപയോഗത്തെക്കുറിച്ച് പഞ്ചായത്തുകളുടെ ഇടയിലുണ്ടായിരുന്ന തർക്കങ്ങൾ പരിഹരിച്ചു. ജലവിഭവ പരിപാലന സമിതിയുടെ ഭാഗമായി നടത്തിയ മീറ്റിംഗുകളിലൂടെ ജലത്തിന്റെ ഉപയോഗത്തെക്കുറിച്ചും കൃഷിയെക്കുറിച്ചും കൂടുതൽ കാര്യങ്ങൾ ജനപ്രതിനിധികളോടും ജനങ്ങളോടും സംസാരിക്കാനും അവരുടെ കാഴ്ച്ചപ്പാടുകളിൽ കാര്യമായ മാറ്റം വരുത്താനും ഞങ്ങൾക്ക് കഴിഞ്ഞു. കനാലിലെ വെള്ളത്തിന്റെ ഉപയോഗത്തെക്കുറിച്ച് ചർച്ച ചെയ്യാൻ പഞ്ചായത്തുകളിൽ നിലവിൽ ഇത്തരമൊരു പ്ലാറ്റ്ഫോം ഉണ്ടായിരുന്നില്ല. ചർച്ചകൾക്കായി ഒരു പ്ലാറ്റ്ഫോം ഒരുക്കിയതോടെ ജലത്തിന്റെയും പുഴയുടെയും പ്രാധാന്യം മനസിലാക്കി, സഹകരണത്തോടെ പ്രവർത്തിക്കാൻ പഞ്ചായത്തുകൾ തയ്യാറായി.

**കനാലുകളിലൂടെയുള്ള വെള്ളത്തിന്റെ ഉപയോഗത്തെക്കുറിച്ചുള്ള ചർച്ചകൾ പ്രദേശികമായുള്ള ജലവിഭവങ്ങൾ കണ്ടെത്തുന്നതിൽ നിന്നും പഞ്ചായത്തുകൾ പിൻവലിയാൻ കാരണമാകില്ലേ?**

ചാലക്കുടിപുഴയിലെ വെള്ളമാണ് തങ്ങൾ കനാലുകൾ വഴി ഉപയോഗിക്കുന്നത് എന്ന ധാരണ പലർക്കുമുണ്ടായിരുന്നില്ല. തുമ്പൂർമൂഴിക്ക് താഴെയുള്ള പല പഞ്ചായത്തുകൾക്കും പറമ്പിക്കുളം - ആളിയാർ കരാറുകളെക്കുറിച്ച് വ്യക്തമായ ധാരണയുണ്ടായിരുന്നില്ല. സർക്കാറുകൾ അവരുമായി ഒന്നും ചർച്ച ചെയ്തിരുന്നില്ല. അവർക്ക് കൂടി അവകാശപ്പെട്ട ചാലക്കുടിപുഴയിലെ വെള്ളം പല തരത്തിൽ വഴിതിരിച്ചുകൊണ്ടുപോകുന്നതിനെക്കുറിച്ച് പഞ്ചായത്തുകളും ജനപ്രതിനിധികളും വ്യക്തമായി അറിഞ്ഞത് ഞങ്ങളുടെ പ്രവർത്തനങ്ങളെ തുടർന്നാണ്. കനാലുകളിൽ ലഭ്യമായ വെള്ളം എല്ലാ പഞ്ചായത്തുകളും പരസ്പര സഹകരണത്തോടെ ഉപയോഗിക്കുക എന്ന സംവിധാനം ഇപ്പോൾ സാധ്യമായിട്ടുണ്ട്. പുഴയിൽ വെള്ളം കുറവാണെന്നും അതുകൊണ്ട് പ്രാദേശികമായ ജലസ്രോതസുകൾ സംരക്ഷിക്കുന്നതിന് പഞ്ചായത്തുകളും ജനങ്ങളും ഊന്നൽ നൽകണമെന്നും ജനങ്ങൾ അവരോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതിനുള്ള പ്ലാനുകളുണ്ടാക്കാൻ പല പഞ്ചായത്തുകളും തയ്യാറായിട്ടുണ്ട്. പൂർണ്ണമായും കനാലിനെ ആശ്രയിക്കുക എന്ന സന്ദേശമായിരുന്നില്ല ഞങ്ങൾ നൽകിയത്. ജലസേചനവുമായി ബന്ധപ്പെട്ട് നിലവിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിലൂടെ ചാലക്കുടിപുഴയുടെ ഒഴുക്ക് നിലനിർത്തുക എന്ന ദീർഘകാല അടിസ്ഥാനത്തിലുള്ള പ്രവർത്തനത്തിനാണ് ഞങ്ങൾ ഊന്നൽ നൽകുന്നത്. ജനങ്ങൾക്കും ജനപ്രതിനിധികൾക്കും അത് ബോധ്യമായിട്ടുമുണ്ട്.

**ജലത്തെക്കുറിച്ചും കൃഷിയെക്കുറിച്ചുമെല്ലാം ആളുകളുടെ സമീപനത്തിൽ വന്ന മാറ്റം നിങ്ങളുടെ പ്രവർത്തനങ്ങളെ ബാധിച്ചോ?**

ജനങ്ങൾക്ക് കൃഷിയുമായുള്ള ബന്ധം ഇല്ലാതായതും വെള്ളം ഭരണാധികാരികൾ വീട്ടിൽ കൊണ്ടെത്തിക്കാൻ ബാധ്യതപ്പെട്ട എന്തോ ആണെന്നുള്ള ധാരണയും പ്രശ്നമായിരുന്നു. മുപ്പത് വർഷത്തിൽ അധികമായി പല കനാലുകളിലും വെള്ളമെത്താത്തതിനാൽ ആളുകൾ ആദ്യം ഞങ്ങൾ പറയുന്നത് കേൾക്കാൻ താത്പര്യമുണ്ടായിരുന്നില്ല. കനാലിൽ വെള്ളമില്ലാതായതോടെ കൃഷിയിൽ നിന്നും പിന്മാറിയവരാണ് പലരും. നാണ്യവിളകളിലേക്കുള്ള മാറ്റവും ജലസേചനത്തെ ആശ്രയിച്ചുള്ള കൃഷി കുറഞ്ഞതും ഞങ്ങൾ പറയുന്ന പലതും പ്രായോഗികമായി ഉൾക്കൊള്ളുന്നതിൽ നിന്നും ആളുകളെ തടസ്സപ്പെടുത്തി. കാര്യങ്ങൾ ഇവരെ പറഞ്ഞ് ബോധ്യപ്പെടുത്തുന്നതിന് ഒരുപാട് ശ്രമിക്കേണ്ടി വന്നു. ചെറുപ്പക്കാരാരും സഹകരിച്ചില്ല. കൃഷിയേയും ജലസേചനത്തെക്കുറിച്ച് അവർക്കും ഒന്നും അറിയില്ലായിരുന്നു. പഴയതലമുറയിലുള്ളവരാണ് സർവ്വെ നടത്താൻ ഞങ്ങളെ സഹായിച്ചത്. അവരുടെ ഭാഗത്ത് നിന്നുണ്ടായ സഹകരണവും വെള്ളത്തിന് ക്ഷാമം നേരിടുന്ന പഞ്ചായത്തുകൾ പുഴയുടെ പ്രാധാന്യം തിരിച്ചറിഞ്ഞതും ഞങ്ങൾക്ക് സഹായകമായി.



**പൂർണ്ണമായും കനാലിനെ ആശ്രയിക്കുക എന്ന സന്ദേശമായിരുന്നില്ല ഞങ്ങൾ നൽകിയത്. ജലസേചനവുമായി ബന്ധപ്പെട്ട് നിലവിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിലൂടെ ചാലക്കുടിപുഴയുടെ ഒഴുക്ക് നിലനിർത്തുക എന്ന ദീർഘകാല അടിസ്ഥാനത്തിലുള്ള പ്രവർത്തനത്തിനാണ് ഞങ്ങൾ ഊന്നൽ നൽകുന്നത്**

**ജലം പോലെയുള്ള അടിസ്ഥാന വിഷയങ്ങൾ ഉന്നയിക്കുമ്പോൾ രാഷ്ട്രീയപാർട്ടികളുടെ ഭാഗത്ത് നിന്നും എന്തെങ്കിലും സഹകരണമുണ്ടാകുന്നുണ്ടോ?**

അറിവില്ലായ്മ കാരണം ആദ്യം എല്ലാ രാഷ്ട്രീയ പാർട്ടികളും ഞങ്ങൾക്ക് എതിരായിരുന്നു. കാര്യ

ങ്ങൾ ബോധ്യപ്പെടുത്തിയപ്പോൾ പലരും ഞങ്ങളെ അനുകൂലിച്ചു. ഞങ്ങളുടെ പ്രവർത്തനങ്ങളുടെ പ്രാധാന്യം അവർക്ക് ബോധ്യമായി. പറമ്പിക്കുളം – ആളിയാർ കരാറിന്റെ പ്രശ്നങ്ങളും ചാലക്കുടിപുഴയുടെ ശോചനീയാവസ്ഥയും അതിന്റെ ഫല മായുണ്ടാകുന്ന അപകടങ്ങളും എല്ലാം ബോധ്യമായതോടെ പലരും സഹകരിക്കാൻ തുടങ്ങി. കനാലുകളിൽ വെള്ള മെത്താത്തതിനാൽ രൂക്ഷമായ കുടിവെള്ള ക്ഷാമം പല പഞ്ചായത്തുകളിലും നിലനിൽക്കുന്നുണ്ട്. എന്നാൽ അത് പരിഹരിക്കാനുള്ള സംവിധാനങ്ങളൊന്നും പഞ്ചായത്തുകളിൽ ഉണ്ടായിരുന്നില്ല. ജലസേചനവകുപ്പുമായി സംഭാഷണം സാധ്യമായിരുന്നില്ല. പുഴയുടെ അവസ്ഥ വിലയിരുത്താനുള്ള പദ്ധതികളുണ്ടായിരുന്നില്ല. ഇതിനെല്ലാമുള്ള അവസരങ്ങൾ ഞങ്ങൾ ഒരുക്കിയതോടെ പ്രശ്നങ്ങളുടെ രൂക്ഷത തിരിച്ചറിയുന്ന പല രാഷ്ട്രീയക്കാരും ഞങ്ങളോട് സഹകരിക്കാൻ തുടങ്ങി.

**ചാലക്കുടിപുഴയെ ആശ്രയിക്കുന്ന എല്ലാ പഞ്ചായത്തുകളിലും ഈ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കേണ്ടതില്ലേ?**

വലതുകര കനാൽ കടന്നുപോകുന്ന പഞ്ചായത്തുകളിലാണ് ഇപ്പോൾ പ്രവർത്തനങ്ങൾ കൂടുതലായും നടന്നത്. പരിയാരം, മറ്റത്തൂർ, കോടശ്ശേരി, കൊടകര, ആളൂർ, മാള, കാടുകുറ്റി, കൊരട്ടി, മൂക്കന്നൂർ, മേലൂർ തുടങ്ങിയ പഞ്ചായത്തുകളിലെല്ലാം കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. അവിടെ കനാലിന്റെ വാലറ്റം വരെ വെള്ളമെത്തിക്കാൻ കഴിഞ്ഞു. ഇനി ഇടതുകര കനാൽ പ്രദേശത്ത് മുഴുവനായും പ്രവർത്തനങ്ങൾ വ്യാപിപ്പിക്കണം. ഒപ്പം ജലസേചനം കൂടുതൽ വേണ്ടിവരുന്ന രാസകൃഷിരീതികളിൽ നിന്നും ജൈവകൃഷിയിലേക്ക് കർഷകരെ പരിവർത്തിപ്പിച്ചും പുഴയിലേക്കുള്ള മാലിന്യം തടഞ്ഞും പുഴയുടെ ഒഴുക്ക് നിലനിർത്തിയുമെല്ലാം പരിപാടികൾ കൂടുതൽ വിപുലീകരിക്കണം.

**പുഴയ്ക്ക് എല്ലാകാലത്തും കനാലുകൾക്ക് വെള്ളം കൊടുക്കാൻ കഴിയുമോ? പുഴയെ ആശ്രയിക്കുന്നത് ഭാവിയിൽ കുറയ്ക്കേണ്ടിവരില്ലേ?**

വെള്ളത്തിനായി കനാലിനെ ആശ്രയിക്കുന്നത് തീർച്ചയായും കുറയ്ക്കേണ്ടതുണ്ട്. കാടിന്റെ ശോഷണം കാരണം പുഴയിലേക്ക് എത്തുന്ന വെള്ളത്തിന്റെ അളവ് വളരെ കുറഞ്ഞിരിക്കുന്നു. നീർത്തടപദ്ധതികൾ രൂപീകരിച്ച് പ്രാദേശികമായുള്ള ജലസ്രോതസ്സുകളെ പുഷ്ടിപ്പെടുത്തേണ്ടത് പ്രധാനാവശ്യമായി മാറിയിരിക്കുന്നു. മഴവെള്ളസംഭരണവും ജൈവകൃഷിയിലൂടെയുള്ള ജലസംഭരണവും പ്രധാനമാണ്. അത്തരം ചർച്ചകളും ഞങ്ങൾ മുന്നോട്ട് വയ്ക്കുന്നുണ്ട്.

**നിങ്ങൾ അതിരപ്പിള്ളി പദ്ധതിക്ക് എതിരുനിൽക്കുന്നതുകൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാഗത്ത് നിന്നും നിങ്ങളുടെ ഇത്തരം പ്രവർത്തനങ്ങൾക്ക് എന്തെങ്കിലും എതിർപ്പുണ്ടായിട്ടുണ്ടോ? പ്രത്യേകിച്ച് സി.പി.എമ്മും അതിന്റെ ബഹുജനസംഘടനകളും പദ്ധതിക്ക് വേണ്ടി ശക്തമായി നിലകൊള്ളുന്ന സാഹചര്യത്തിൽ എന്തെങ്കിലും നിസ്സഹകരണം?**

ഇല്ല. അതിരപ്പിള്ളി പദ്ധതി പഞ്ചായത്തുകളെ ഏതെല്ലാം തരത്തിൽ ബാധിക്കുമെന്ന് വർഷങ്ങൾക്ക് മുമ്പ് തന്നെ അവരെ ബോധ്യപ്പെടുത്താൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. രൂക്ഷമായ കുടിവെള്ളക്ഷാമം പോലെ നേരിട്ടുള്ള അനുഭവങ്ങളിൽ നിന്നും അവർക്ക് ഡാം വേണ്ട എന്ന് പൂർണ്ണമായും ബോധ്യമായിട്ടുണ്ട്. സി.പി.എം സംസ്ഥാന നേതൃത്വം അതിരപ്പിള്ളി പദ്ധതിക്ക് അനുകൂലമാണെങ്കിലും സി.പി.എം ഭരിക്കുന്ന പല പഞ്ചായത്തുകൾക്കും പദ്ധതി പ്രശ്നമാണെന്ന് നന്നായറിയാം. മാത്രമല്ല, കാട് സംരക്ഷിച്ചുകൊണ്ട് പുഴയുടെ ഒഴുക്ക് നിലനിർത്താനുള്ള പല പരിപാടികൾക്കും അവരുടെ പൂർണ്ണസഹകരണവുമുണ്ട്. രാഷ്ട്രീയപരമായ പ്രശ്നങ്ങളുണ്ടെങ്കിലും അതിരപ്പിള്ളി സമരത്തിന് ഇടതുപക്ഷം ഭരിക്കുന്ന പല പഞ്ചായത്തുകളും മാനസിക പിന്തുണ നൽകിയിട്ടുണ്ട്. ഭാവിയിൽ അതിരപ്പിള്ളി പദ്ധതി വീണ്ടും വരാനൊരുങ്ങിയാൽ ചാലക്കുടിപുഴയെ ആശ്രയിക്കുന്ന പഞ്ചായത്തുകളെല്ലാം നേരിട്ട് സമരരംഗത്തെത്തുമെന്ന് ഞങ്ങൾക്ക് പ്രതീക്ഷയുണ്ട്.

## പറമ്പിക്കുളം – അളിയാർ പദ്ധതി

**കുരിയാർകുട്ടി** താഴ്വരയുടെ തെക്ക് ഭാഗത്താണ് പറമ്പിക്കുളം പീഠഭൂമി. 1970 മെയ് 29ന് പെരിയാർ, ചാലക്കുടിപ്പുഴ, ഭാരതപ്പുഴ എന്നീ നദികളുടെ വിവിധ പോഷകനദികൾ ഉൾപ്പെടുന്ന പറമ്പിക്കുളം – അളിയാർ പദ്ധതി, 1958 മുതൽ മുൻകാല പ്രബല്യത്തോടെ കേരളാ-തമിഴ്നാട് സർക്കാറുകൾ ഒപ്പുവെച്ചു. കേരളത്തിന്റെ താല്പര്യങ്ങൾക്ക് വിരുദ്ധമായ ഈ പദ്ധതി, എതിർപ്പുകൾക്കിടയിലും പല സമ്മർദ്ദങ്ങൾക്കും വഴങ്ങി നടപ്പിലാക്കാൻ കേരള സർക്കാർ അനുവദിക്കുകയായിരുന്നു. കരാറിന്റെ കാലാവധി 1988ൽ കഴിഞ്ഞുവെങ്കിലും ഇതുവരെ പുതുക്കുകയോ മാറ്റുകയോ ചെയ്തിട്ടില്ല. പറമ്പിക്കുളം – അളിയാർ പദ്ധതിയുടെ മൂന്ന് അണക്കെട്ടുകൾ (പറമ്പിക്കുളം, തൂണക്കടവ്, പെരുവാരിപ്പള്ളം) ഈ മേഖലയിലെ 3000 ഹെക്ടർ സ്വാഭാവികവനം നശിപ്പിച്ചു. അപ്പർഷോളയാറിൽ നിന്നുള്ള വെള്ളവും കേരളാ ഷോളയാറിന്റെ വൃഷ്ടിപ്രദേശത്തെ വെള്ളവും ചേർന്ന് പ്രതിവർഷം 12,300 ദശലക്ഷം ഘനയടി വെള്ളം ഷോളയാറിൽ ലഭ്യമാക്കണമെന്നാണ് കരാർ പറയുന്നത്. പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളിലെ മൊത്തം ജലലഭ്യത (പെരിയാറിന്റെ കൈവഴികളിൽ നിന്ന് തിരിച്ചുകൊണ്ടുവരുന്നതടക്കം) 33,000 ദശലക്ഷം ഘനയടിയാണെന്നു കണക്കാക്കി, ഇതിന്റെ പകുതിയായ 16,500 ദശലക്ഷം ഘനയടി തമിഴ്നാടിനുപയോഗിക്കാമെന്നും ബാക്കിയുള്ള ജലം കേരളത്തിന് അവകാശപ്പെട്ടതാണെന്നും കരാർ പറയുന്നു. (ഇതിൽ തന്നെ 2500 ദശലക്ഷം ഘനയടി ചിറ്റൂർ പുഴയിലേക്ക് തിരിച്ചുവിടാമെന്നും, ബാക്കി വെള്ളം ചാലക്കുടി പുഴയിലേക്ക് തിരിച്ചുവിടണമെന്നുമാണ് കരാർ പറയുന്നത്). എന്നാൽ കരാറിലെ പഴുതുകളുപയോഗിച്ചും കേരളത്തിലെ ഉദ്യോഗസ്ഥരുടെ ഒത്താശയോടെ കരാർ ലംഘിച്ചും തമിഴ്നാട് വെള്ളം പൂർണ്ണമായും കൊണ്ടുപോകുകയാണ്. പുഴയിലെ മൊത്തം ജലലഭ്യത 72,00 ദശലക്ഷം ഘനയടിയാണെന്ന് പറയുന്നുവെങ്കിലും പെരിങ്ങൽകുത്തിൽ ലഭിക്കുന്നത് 30,000 ദശലക്ഷം ഘനയടിയിൽ താഴെ മാത്രമാണ്.